"ഭരണഭാഷ-മാതൃഭാഷ"

**സംഗ്രഹം**

ധനകാര്യ വകുപ്പ്-എക്സൈസ് വകുപ്പിലെ വിവിധ തസ്തികകളുടെ അടിസ്ഥാന പരിശീലനത്തിന് സമാപ്തി കുറിച്ച് കൊണ്ടുള്ള പാസ്സിംഗ് ഔട്ട് പരേഡ് നടത്തുന്നതിന് എക്സൈസ് കമ്മീഷണർക്ക് ധന നിയോഗ അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**ധനകാര്യ (വ്യയം - ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.79/2025/ധന** **തീയതി, തിരുവനന്തപുരം, 24/06/2025.**

===

പരാമർശം:- 1.സ.ഉ(അ) നം. 102/2017/ധന തീയതി 07/08/2017.
2.സ.ഉ(അ) നം. 14/2025/ധന തീയതി 10/02/2025.
3. U O. File No.Taxes- F3/63/2025/TAXES.
4.എക്സൈസ് കമ്മീഷണറുടെ 05/03/2025 ലെ ഇ.എക്സ്.സി/4043/2024-എക്സ്-എഫ്.ബി- 2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണ വകുപ്പുകളുടെയും വകുപ്പ് തലവന്മാരുടെയും സാമ്പത്തിക അധികാര പരിധി പുതുക്കി നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ ക്രമ നം. 38 പ്രകാരം 'Ceremonial function' എന്നയിനത്തിൽ വകുപ്പ് തലവൻമാർക്കുള്ള സാമ്പത്തിക അധികാര പരിധി ഓരോ തവണ 25,000/- രൂപയും വാർഷിക പരിധി 50,000/- രൂപയുമാണ്.

2. പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരം പോലീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളിലെ എക്സിക്യൂട്ടിവ്/കോൺസ്റ്റാബ്യുലറി തസ്തികകളുടെ ബേസിക് ട്രെയ്നിംഗ് കഴിഞ്ഞ് വിവിധ സേനകളിലേക്ക് പ്രവേശിക്കുന്നതിന് മുന്നോടിയായുള്ള പാസിംഗ് ഔട്ട് പരേഡുകൾ നടത്തുന്നതിന് ഓരോ ചടങ്ങും സംഘടിപ്പിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ സാമ്പത്തിക അധികാര പരിധി 50,000/- രൂപയായി നിശ്ചയിച്ചിരുന്നു.

3. എക്സൈസ് വകുപ്പിൽ പ്രവേശിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനത്തിന്റെ ഭാഗമായി നിലവിൽ ഓരോ വർഷവും ഒന്നിലധികം പാസ്സിംഗ് ഔട്ട് പരേഡുകൾ നടന്നു വരുന്നതായും പാസ്സിംഗ് ഔട്ട് പരേഡുമായി ബന്ധപ്പെട്ട Ceremonial function-ന് എക്സൈസ് കമ്മീഷണർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള സാമ്പത്തിക അധികാര പരിധി തികച്ചും അപര്യാപ്തമാണെന്നും നിലവിലെ അധികാര പരിധി നിശ്ചയിച്ചിട്ട് ഏഴു വർഷം പിന്നിട്ടതായും ആയതിനാൽ Ceremonial function എന്ന വിഭാഗത്തിൽ എക്സൈസ് കമ്മീഷണറുടെ സാമ്പത്തിക അധികാര പരിധി പുതുക്കി നിശ്ചയിക്കുന്നതിന് എക്സൈസ് കമ്മീഷണർ പരാമർശം 4 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(മറുപുറം)

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിലെ വിവിധ തസ്തികകളുടെ ബേസിക് ട്രെയ്നിംഗ് കഴിഞ്ഞ് എക്സൈസ് വകപ്പിലേക്ക് പ്രവേശിക്കുന്നതിന് മുന്നോടിയായുള്ള പാസിംഗ് ഔട്ട് പരേഡുകൾ നടത്തുന്നതിന് ഓരോ ചടങ്ങും സംഘടിപ്പിക്കുന്നതിനുള്ള എക്സൈസ് കമ്മീഷണറുടെ സാമ്പത്തിക അധികാര പരിധി, ബന്ധപ്പെട്ട ശീർഷകത്തിലെ ബജറ്റ് പ്രൊവിഷന് വിധേയമായി 50,000/- രൂപയായി നിശ്ചയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗീത എം.**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
2) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.
3) നികുതി വകുപ്പ്
4) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
5) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
6) നോഡൽ ഓഫീസർ (www.finance.kerala.gov.in)
7) ഓഫീസ് കോപ്പി/കരുതൽ ഫയൽ 1 (E-3113994/വ്യയം-ബി2/121/2025/ധന)

ഉത്തരവിൻ പ്രകാരം

Anitha

സെക്ഷൻ ഓഫീസർ